LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷ്മ ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യത

49 (416) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കക്കയം ഡാം സൈറ്റിലേക്കുള്ള യാത്രാ മദ്ധ്യേയുള്ള വെള്ളച്ചാട്ടങ്ങളിൽ സൂക്ഷ്മ ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യത വിലയിരുത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(ബി) തലയാട് ഇരുപത്തിയാറാം മൈലിനടുത്ത് പൂന്നൂർ പുഴയിലെ ചുരത്തോട് വെള്ളച്ചാട്ടത്തിൽ സൂക്ഷ്മ ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യത പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പ്രദേശത്തെ കക്കയം തോട്ടിൽ സൂക്ഷ്മ ജലവൈദ്യുത പദ്ധതിക്കായുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ട്. പ്രാഥമിക സാധ്യതാപഠനത്തിൽ നിന്നും 200 KW വൈദ്യുതി ഉല്പാദിപ്പിക്കാനാവുമെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിലും ഉല്പാദന ചെലവ് വളരെ ഉയർന്നതായതിനാൽ തുടർ പഠന നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുത അപകടങ്ങൾ

50 (417) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള എ.എ.സി. ലൈനുകൾ മാറ്റി എ.സി.എസ്.ആർ. ലൈനുകളാക്കുന്ന പദ്ധതി എത്രത്തോളം പുരോഗമിച്ച് വരുന്നു എന്ന് വിശദമാക്കുമോ ;

(സി) വൈദ്യുതമേഖലയിൽ പ്രവർത്തിക്കുന്ന കരാർ തൊഴിലാളികളടക്കമുള്ള ജീവനക്കാരിലും അപകടങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?